ത്രിതല പഞ്ചായത്തുകളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർ

95 (1564) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഓരോ രാഷ്ട്രീയ പാർട്ടികളിലും പ്രസ്തുത പാർട്ടികളുടെ പിന്തുണയോടെ സംസ്ഥാനത്ത് എത്ര പഞ്ചായത്ത്, ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, പ്രസിഡന്റുമാർ വൈസ് പ്രസിഡന്റുമാർ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട് ; ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) ഇപ്പോൾ ഇതിൽ എത്ര പഞ്ചായത്തുകളിൽ ഭരണമാറ്റമുണ്ടായി ; ഓരോ രാഷ്ട്രീയ പാർട്ടികളിലുംപെട്ട പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(സി) അടുത്ത പഞ്ചായത്ത് തെരഞ്ഞെടുപ്പ് എപ്പോഴാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) 159 ഗ്രാമപഞ്ചായത്തുകളിലും 21 ബ്ലോക്ക് പഞ്ചായത്തുകളിലും 4 ജില്ലാ പഞ്ചായത്തുകളിലും ഭരണമാറ്റമുണ്ടാക്കിയിട്ടുണ്ട്. വിശദവിവരം *അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളുടെ കാലാവധി തീരുന്ന മുറയ്ക്ക് പുതിയ തെരഞ്ഞെടുപ്പ് നടത്താമെന്നാണ് ഉദ്ദേശിക്കുന്നത്.

സ്ഥാനാർത്ഥികൾ നാമനിർദ്ദേശ പത്രികയോടൊപ്പം നൽകേണ്ട സത്യവാങ്മൂലം സംബന്ധിച്ച സുപ്രീംകോടതി നിർദ്ദേശം

96 (1565) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥികൾ അവരുടെ സ്വത്തുവിവരം, വിദ്യാഭ്യാസയോഗ്യത, ക്രിമിനൽ പശ്ചാത്തലം എന്നിവ സംബന്ധിച്ച സത്യവാങ്മൂലം നാമനിർദ്ദേശ പത്രികയോടൊപ്പം സമർപ്പിക്കണമെന്ന സുപ്രീംകോടതി നിർദ്ദേശം സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്ഥാനാർത്ഥികൾ നാമനിർദ്ദേശ പത്രികയോടൊപ്പം നൽകേണ്ട സത്യവാങ്മൂലം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരിന് സമർപ്പിച്ചുവോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സുപ്രീംകോടതി നിർദ്ദേശം നടപ്പാക്കാൻ പഞ്ചായത്ത് മുനിസിപ്പാലിറ്റി നിയമങ്ങളിലെ ഏതെല്ലാം വകുപ്പുകളുടെ ഭേദഗതി ആവശ്യമെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥികളുടെ സത്യവാങ്മൂലത്തിലെ വിവരങ്ങൾ തെറ്റാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്ന സാഹചര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇക്കാര്യത്തിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സമർപ്പിച്ച ശുപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) സമർപ്പിച്ചിട്ടുണ്ട്. ഏതൊരു സ്ഥാനാർത്ഥിയും നാമനിർദ്ദേശ പത്രികയോടൊപ്പം 2എ നമ്പർ ഫാറത്തിൽ ഒരു സത്യവാങ്മൂലം ഒന്നാംക്ലാസ് മജിസ്ട്രേറ്റിന്റെയോ നോട്ടറി പബ്ലിക്കിന്റേയോ മുമ്പാകെ സാക്ഷ്യപ്പെടുത്തി സമർപ്പിക്കണമെന്നും ഇതിന്റെ പകർപ്പ് നാമനിർദ്ദേശ പത്രികയുടെ ലിസ്റ്റിനോടൊപ്പം പ്രസിദ്ധപ്പെടുത്തുന്നതിനും അവയുടെ പകർപ്പുകൾ ആവശ്യാനുസരണം മറ്റു സ്ഥാനാർത്ഥികൾക്കും മാദ്ധ്യമങ്ങൾക്കും സൗജന്യമായി നൽകേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്യുവാനും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. ഏതെങ്കിലും സ്ഥാനാർത്ഥി, സമർപ്പിച്ചിട്ടുള്ള സത്യവാങ്മൂലത്തിലെ വിവരങ്ങൾ സത്യവിരുദ്ധമാണെന്ന് പ്രസ്താവിച്ചുകൊണ്ട് മറ്റേതെങ്കിലും സ്ഥാനാർത്ഥി സത്യവാങ്മൂലം സമർപ്പിക്കുന്നെങ്കിൽ അപ്രകാരം സമർപ്പിക്കപ്പെട്ട സത്യവാങ്മൂലത്തിന്റെ പകർപ്പും ആദ്യത്തെ സത്യവാങ്മൂലത്തോടൊപ്പം പ്രസിദ്ധപ്പെടുത്തുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്.

(ഡി&ഇ) സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. സർക്കാരിന്റെ നയപരമായ തീരുമാനം ആവശ്യമായ ഒരു വിഷയമാണ് ഇത്.

ത്രിതല പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പൊതുപരിപാടികളിൽ പ്രദേശത്തെ എം.എൽ.എ.-യെ പങ്കെടുപ്പിക്കാൻ നടപടി

97 (1566) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും സർക്കാർ ധനസഹായം നൽകുന്ന സ്ഥാപനങ്ങളായിരിക്കേ ത്രിതല പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പൊതുപരിപാടികളിൽ അതത് പ്രദേശത്തെ എം.എൽ.എ.യെ ക്ഷണിക്കാത്തതും പങ്കെടുപ്പിക്കാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly